ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 24.03.2026**

## പ്രധാനവാർത്തകൾ

1. പാർലമെന്റിൽ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. പശ്ചിമേഷ്യൻ മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നയതന്ത്ര ചർച്ചകൾക്ക് ആഹ്വാനം ചെയ്യ് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. സംസ്ഥാനം നിയമസഭ തിരഞ്ഞെടുപ്പ് ചൂടിൽ. പ്രചാരണത്തിന് ദേശീയ നേതാക്കളെ രംഗത്ത് ഇറക്കി മുന്നണികൾ.
3. നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടന്നു. തിരഞ്ഞെടുപ്പിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറായതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.
4. പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ പ്രതിസന്ധിയിലായ എൽപിജി വിതരണം സാധാരണനിലയിലായതായി കേന്ദ്ര സർക്കാർ.
5. ഹിന്ദു, സിഖ്, ബുദ്ധ മതവിശ്വാസത്തിൽപ്പെട്ടവർക്ക് മാത്രമേ പട്ടികജാതി പദവിക്ക് അർഹതയുള്ളൂ എന്ന് സുപ്രീം കോടതി. മറ്റ് മതങ്ങളിലേക്കുള്ള പരിവർത്തനത്തിലൂടെ പട്ടികജാതി പദവി പൂർണ്ണമായി നഷ്ടപ്പെടുമെന്നും പരമോന്നത കോടതി.
6. സംസ്ഥാനത്ത് വെള്ളിയാഴ്ച മുതൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

RNUTVPM

## പാർലമെന്റ്

പാർലമെന്റിൽ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. 2026-ലെ ധനകാര്യ ബില്ലിനെക്കുറിച്ചുള്ള ചർച്ച ലോക്സഭയിൽ ഇന്ന് നടന്നു. 2026 ലെ ട്രാൻസ്ജെൻഡർ - അവകാശ സംരക്ഷണ ഭേദഗതി ബിൽ ലോക്സഭ പരിഗണിക്കുകയാണ്. രാജ്യസഭയിൽ 2026 ലെ Appropriation Bill 2 ൽ ചർച്ച തുടരുന്നു.

*********************

## രാജ്യസഭ - പിഎം (ഇൻട്രോ)

പശ്ചിമേഷ്യൻ മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നയതന്ത്ര ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. പശ്ചിമേഷ്യയിലെ സംഘർഷത്തെക്കുറിച്ച് രാജ്യസഭയിൽ സംസാരിക്കുകയും ഈ വിഷയത്തിൽ ഇന്ത്യയുടെ നിലപാട് വിശദീകരിക്കുകയും ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. മൂന്ന് ആഴ്ചയിലേറെയായി പശ്ചിമേഷ്യയിലെ സംഘർഷം ലോകമെമ്പാടും ഗുരുതരമായ ഊർജ്ജ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഒരു കോടിയോളം ഇന്ത്യക്കാർ ഗൾഫ് രാജ്യങ്ങളിൽ താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്നുണ്ട് അവരുടെ സുരക്ഷ ഉറപ്പാക്കുന്നതും ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന ആശങ്കയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

*********************

## നിയമസഭാ തിരഞ്ഞെടുപ്പ്

സംസ്ഥാനം നിയമസഭ തിരഞ്ഞെടുപ്പ് ചൂടിൽ. എല്ലാ മണ്ഡലങ്ങളിലേയും മത്സരചിത്രം ഏറെകുറെ തെളിഞ്ഞതോടെ പരസ്യ പ്രചാരണത്തിലായിരിക്കും മുന്നണികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. എൻഡിഎയുടെ പ്രചാരണത്തിനായി പ്രധാനമന്ത്രിയും ബിജിപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്ര മോദി, ശ്രീമതി നിർമ്മല സീതാരാമൻ തുടങ്ങിയവർ എത്തും. യു ഡി എഫിന്റെ പ്രചാരണത്തിന് ലോക്സഭാ പ്രതിപക്ഷ നേതാവും കോൺഗ്രസ് നേതാവുമായ രാഹുൽഗാന്ധിയുടെ പര്യടനം നാളെ കോഴിക്കോട്ട് ആരംഭിക്കും. എൽ ഡി എഫ് പ്രചാരണം മുഖ്യമന്ത്രിയും സിപിഎമ്മിന്റെ മുതിർന്ന നേതാവുമായ പിണറായി വിജയന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു.

*********************

പത്രിക സമർപ്പണം (ഇൻട്രോ)

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശപത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടന്നു. തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറായതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇതുവരെ സംസ്ഥാനത്തൊട്ടാകെ 2,125 പത്രികകളാണ് ലഭിച്ചത്. 1,254 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്.

(ഹോൾഡ് വോയിസ്)

ക്രമസമാധാനപാലനത്തിന് കൂടുതൽ പൊലീസ് ഉദ്യോഗസ്ഥരെ സജ്ജമാക്കുമെന്നും സംഘർഷ സാധ്യതയുള്ള

PNU TVPM

പോളിങ് സ്റ്റേഷനുകളിൽ കേന്ദ്ര സേനയെ ഏർപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. 140 മണ്ഡലങ്ങളിലേക്കും ഒറ്റഘട്ടമായി അടുത്തമാസം 9 നാണ് വോട്ടെടുപ്പ്. മെയ് നാലിനാണ് വോട്ടെണ്ണൽ. കേരളത്തിനൊപ്പം തിരഞ്ഞെടുപ്പ് നടക്കുന്ന അസമിലും പുതുച്ചേരിയിലും ഇന്നാണ് സൂക്ഷ്മ പരിശോധന.

********************

**കോട്ടയം - പത്രിക**

നാമ നിർദേശ പത്രിക നൽകാനുള്ള അവസരം അവസാനിച്ചപ്പോൾ കോട്ടയം ജില്ലയിൽ ഇന്നലെ മാത്രം 76 സ്ഥാനാർഥികൾ പത്രിക സമർപ്പിച്ചു. 11 സ്ഥാനാർഥികൾ പത്രിക സമർപ്പിച്ച ചങ്ങനാശേരി മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ പേർ പത്രിക സമർപ്പിച്ചത്. ആകെ 137 പത്രികകളാണ് ജില്ലയിൽ ലഭിച്ചത്.

********************

**എറണാകുളം - പത്രിക**

എറണാകുളം ജില്ലയിലെ 14 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള നാമനിർദേശ പത്രികാ സമർപ്പണം പൂർത്തിയായപ്പോൾ ആകെ 120 സ്ഥാനാർത്ഥികൾ രംഗത്ത്. നിലവിൽ ജില്ലയിൽ ആകെ ലഭിച്ച പത്രികകളുടെ എണ്ണം 221 ആയി. ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ പത്രിക നൽകിയത് പറവൂർ മണ്ഡലത്തിലാണ് 20 പേർ. ഏറ്റവും കുറവ് പത്രികകൾ ലഭിച്ചത് മൂവാറ്റുപുഴ മണ്ഡലത്തിലും 12 പേർ.

********************

**തിരഞ്ഞെടുപ്പ് കമ്മീഷൻ - യോഗം**

RNU TVPM

തിരഞ്ഞെടുപ്പ് കമ്മീഷന്റെ നേതൃത്വത്തിൽ നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലെയും അയൽ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ, ഡിജിപിമാർ, സിഇഒമാർ, ആഭ്യന്തരം, എക്സൈസ്, എസ്ജിഎസ്ടി-പ്രിൻസിപ്പൽ സെക്രട്ടറിമാർ എന്നിവരുമായി ഇന്ന് അന്തർ സംസ്ഥാന അതിർത്തി സംബന്ധിച്ച് യോഗം ചേർന്നു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ. ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുപ്പ് തയ്യാറെടുപ്പുകൾ വിലയിരുത്തി. തിരഞ്ഞെടുപ്പ് പ്രക്രിയകളിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുക, യോഗത്തിന്റെ ലക്ഷ്യമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ സമൂഹമാധ്യമത്തിൽ അറിയിച്ചു.

*********************

## സക്ഷം മൊബൈൽ ആപ്പ്

PIU TVPM

തെരഞ്ഞെടുപ്പിൽ ഭിന്നശേഷിക്കാർക്ക് കൈത്താങ്ങാകാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കിയ സക്ഷം മൊബൈൽ ആപ്പിൽ വിവിധ സേവനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ഭിന്നശേഷിക്കാർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കാനും പോളിംഗ് സ്റ്റേഷൻ കണ്ടെത്താനും വോട്ട് ചെയ്യാനും സഹായിക്കുന്ന ഒട്ടേറെ സേവനങ്ങളാണ് ഈ ആപ്പിലുള്ളത്.

*********************

## രത്തൻ യു കേൽക്കർ

രാഷ്ട്രീയ പാർട്ടിയുടെ സീൽ വിവാദത്തിൽ വിശദീകരണവുമായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ക്ലറിക്കൽ പിഴവ് സംഭവിച്ചതായും പിശക് നേരത്തെ തിരുത്തിയതായും ശ്രീ കേൽക്കർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥനെതിരെ വിശദമായ അന്വേഷണം നടത്തുമെന്നും അന്വേഷണ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു.

*********************

**പശ്ചിമേഷ്യൻ സംഘർഷം**

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. ആഗോളതലത്തിൽ ഊർജ്ജ മേഖല വൻ പ്രതിസന്ധിയിലൂടെയാണ് കടന്ന് പോകുന്നതെന്ന് അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി മുന്നറിയിപ്പ് നൽകി. ഇറാൻ വിക്ഷേപിച്ച ബാലിസ്റ്റിക് മിസൈലുകൾ വ്യോമ പ്രതിരോധ സംവിധാനങ്ങളിലൂടെ നിർവീര്യമാക്കിയതായി യു എ ഇ.വ്യക്തമാക്കി.

*********************

**സുജാത ശർമ്മ (ഇൻട്രോ)**

PNU TVPM

പശ്ചിമേഷ്യൻ സംഘർഷ സാഹചര്യം എൽപിജി വിതരണത്തെ ബാധിച്ചെങ്കിലും ആവശ്യത്തിന് സ്റ്റോക്കുകൾ ലഭ്യമാണെന്ന് പെട്രോളിയം & പ്രകൃതി വാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ. ഗുണഭോക്താക്കൾ പരിഭ്രാന്തിയോടെ എൽ പി ജി ബുക്ക് ചെയ്യേണ്ട സാഹചര്യമില്ലെന്നും വിതരണം സാധാരണനിലയിലാണെന്നും അവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും എൽപിജി സിലിണ്ടറുകൾ നൽകുന്നതായും ശ്രീമതി സുജാത ശർമ്മ പറഞ്ഞു.

(വോയിസ്)

*********************

**പട്ടികജാതി പദവി**

ഹിന്ദു, സിഖ്, ബുദ്ധ മതവിശ്വാസത്തിൽപ്പെട്ടവർക്ക് മാത്രമേ പട്ടികജാതി പദവിക്ക് അർഹതയുള്ളൂ എന്ന് സുപ്രീം കോടതി. മറ്റ് മതങ്ങളിലേക്കുള്ള പരിവർത്തനത്തിലൂടെ പട്ടികജാതി പദവി പൂർണ്ണമായി നഷ്ടപ്പെടുമെന്നും കോടതി. ആന്ധ്രാപ്രദേശ് ഹൈക്കോടതിയുടെ ഉത്തരവ് ശരിവച്ചുകൊണ്ടായിരുന്നു സുപ്രീംകോടതി വിധി. മറ്റു മതത്തിലേക്ക് പരിവർത്തനം ചെയ്യുന്ന ദളിത് വിഭാഗത്തിലുള്ളവർക്ക് പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം സംരക്ഷണം അവകാശപ്പെടാൻ കഴിയില്ലെന്നും ജസ്റ്റിസുമാരായ പി.കെ. മിശ്ര, മൻമോഹൻ എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു.

*********************

നെന്മാറ-വല്ലങ്ങി വേല (ഇൻട്രോ)

RNUTVPM

പാലക്കാട് ജില്ലയിലെ പ്രസിദ്ധമായ നെന്മാറ-വല്ലങ്ങി വേലക്ക് ഇരു ദേശങ്ങളിലും കൊടിയേറി. ഏപ്രിൽ മൂന്നിനാണ് വേല ആഘോഷം.

**ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

*********************

കാലാവസ്ഥ

സംസ്ഥാനത്ത് വെള്ളിഴാഴ്ച മുതൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതേസമയം, കേരളത്തിൽ വിവിധ ജില്ലകളിൽ ഈ മാസം 26 വരെ പകൽ താപനില

ഉയരാൻ സാധ്യതയെന്നും കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി. ഇടുക്കി, വയനാട് ഒഴികെയുള്ള 12 ജില്ലകളിൽ മഞ്ഞ ജാഗ്രതാനിർദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചു. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഡി.എം.ഒ അറിയിച്ചു.

RNU TVPM